# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **902** **11.03.2015** - ൽ മറുപടിക്ക്

## കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ഈ വർഷത്തെ വരൾച്ചയെ നേരിടുന്നതിനും ശുദ്ധമായ കുടിവെള്ള ലഭ്യത ഉറപ്പു വരുത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ; | (എ) വേനൽക്കാല ജലശോഷണം കണക്കിലെടുത്ത്, കടുത്ത കുടിവെള്ളക്ഷാമം നേരിടുന്ന സ്ഥലങ്ങളിൽ, അത് തരണം ചെയ്യുന്നതിനായി താഴെ പറയുന്ന നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു.<br>1. ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം.<br>2. കേടായ പമ്പ്സെറ്റുകളുടെ അറ്റകുറ്റപ്പണികൾ.<br>3. പമ്പ്സെറ്റുകൾ മാറ്റിവയ്ക്കുന്ന പണികൾ.<br>4. വാട്ടർലൈനുകളിലുള്ള ലീക്കുകൾ മാറ്റുക.<br>5. സാങ്കേതികമായി സാധ്യമായ സ്ഥലങ്ങളിൽ ജലത്തിന്റെ ലഭ്യത അനുസരിച്ച് പൈപ്പ്ലൈനുകൾ നീട്ടുക.<br>6. തകരാറിലായ പൈപ്പുലൈനുകൾ മാറ്റുക.<br>7. ഡൈവേർഷൻ ചാനലുകൾ മുഖേന നീരൊഴുക്കു വർദ്ധിപ്പിക്കുകയും സ്രോതസ്സുകളിലേക്ക് തിരിച്ചു വിടുകയും ചെയ്യുക.<br>8. ഇൻഫിൽട്രേഷൻ ഗാലറി, കിണറുകൾ, കുളങ്ങൾ എന്നിവ വൃത്തിയാക്കുകയും കുഴൽ കിണറുകൾ ഫ്ളഷ് ചെയ്യുകയും ചെയ്യുക.<br>9. വാൽവുകൾ നിയന്ത്രിച്ചും, പമ്പിംഗ് സമയം |

ക്രമീകരിച്ചും നിശ്ചിതസമയം കുടിവെള്ളം നൽകുക മുതലായവ.

സംസ്ഥാനത്ത് വരൾച്ചയും കുടിവെള്ള ക്ഷാമവും നേരിടുന്നതിന് ഹാൻഡ് പമ്പുകൾ റിപ്പയർ ചെയ്യുന്നതിനും പുതിയ കുഴൽ കിണറുകൾ നിർമ്മിക്കുന്നതിനും നിലവി ലുള്ള പദ്ധതികൾ നവീകരിക്കുന്നതിനും ഭൂജലവകുപ്പ് ഉദ്ദേശിക്കുന്നു.

വരൾച്ച നേരിടുന്നതിനായി മണൽചാക്കിട്ടു വെള്ളം ഒഴുകിപോകാതെ താൽക്കാലിക തടയണ കെട്ടുക, കുളങ്ങൾ മുതലായവയുടെ പുനരുദ്ധാരണം നടത്തുക, കനാലുകളിൽ അടിഞ്ഞിട്ടുള്ള ചെളി നീക്കം ചെയ്യുക. കനാലുകൾ നവീകരിക്കുക, ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ പുനരുദ്ധരിക്കുക, ഉപ്പ് വെള്ളം കയറുന്നത് തടയാൻ താൽക്കാലിക ബണ്ടുകൾ ഇടുക എന്നീ ഹ്രസ്വകാല പദ്ധതികളും ദീർഘകാല പദ്ധതിയിൽ ഉൾപ്പെടുത്തി ചെക്ക്ഡാം നിർമ്മാണവുമാണ് ജലസേചന വകുപ്പ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളം കേരള വാട്ടർ അതോറിറ്റിയുടെ ഗുണനിലവാര പരിശോധനശാലയിൽ പരിശോധിച്ച് അണുവിമുക്തമാണെന്ന് ഉറപ്പ് വരുത്തിയ ശേഷം മാത്രമേ വിതരണം ചെയ്യുന്നുള്ളൂ.

| | | | |
|---|---|---|---|
| (ബി) | നിലവിലുള്ള കുടിവെള്ള സ്രോതസ്സുകളെ മലിനമാക്കുന്നത് തടയുന്നതിനും കുടിവെള്ള വിതരണത്തിനുള്ള ജലം ശുദ്ധമാണെന്ന് ഉറപ്പ് വരുത്തുന്നതിനും നടപടി സ്വീകരിക്കുമോ; | (ബി) | നടപടികൾ സ്വീകരിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | കുളങ്ങൾ, കിണറുകൾ തുടങ്ങി ചെറിയ കുടിവെള്ള സ്രോതസ്സുകൾ വരൾച്ചക്ക് മുമ്പ് നവീകരിക്കുന്നതിന് ജില്ലാ തലത്തിൽ പദ്ധതികളാവിഷ്കരിക്കുമോ? | (സി) | ജില്ലാ തലത്തിൽ പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം ധനലഭ്യതയനുസരിച്ച് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ